"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - കോട്ടയം ഗവൺമെന്റ് പോളിടെക്നിക് കോളേജ് - അസോസിയേറ്റ് പ്രൊഫസർ ആയി വിരമിച്ച ശ്രീ രാജൻ കെ യുടെ പെൻഷൻ കുടിശ്ശിക അനുവദിച്ച് ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.148/2024/HEDN തീയതി,തിരുവനന്തപുരം, 29-01-2024

---

പരാമർശം:-

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 13.03.2019 ലെ എൻ4/4100/2018/കോ.വി.വ നമ്പർ കത്ത്.
2. 16.02.2018 ലെ ഇ2/3939/18 നമ്പർ പ്രിൻസിപ്പാളിന്റെ കത്ത്
3. 13.11.2018-ലെ അക്കൗണ്ടന്റ് ജനറലിന്റെ പി.ആർ 2101819184/ പി3/1/1018408707 നമ്പർ വി ആർ
4. 07.02.2019, 28.07.2023 തീയതികളിലെ ശ്രീ രാജൻ കെ യുടെ അപേക്ഷ.

**<u>ഉത്തരവ്</u>**

കോട്ടയം ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ നിന്നും അസ്സോസിയേറ്റ് പ്രൊഫസറായി **31.05.2015-ൽ** വിരമിച്ച ശ്രീ രാജൻ കെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷ പരാമർശം **(2)** പ്രകാരം കോളേജ് പ്രിൻസിപ്പാൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചു. ന്യൂനതകൾ പരിഹരിച്ച് പ്രസ്തുത അപേക്ഷ അക്കൗണ്ടന്റ് ജനറലിന് നൽകുകയും പരാമർശം **(3)** പ്രകാരം **01.07.2018** പ്രാബല്യത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുകയും ചെയ്തിരുന്നു.**01.06.2015** മുതൽ **30.06.2018** വരെയുള്ള പെൻഷൻ കുടിശിക പെൻഷൻ അപേക്ഷ സമർപ്പിക്കാൻ കാലതാമസം നേരിട്ടതിനാൽ കുടിശിക അനുവദിക്കുന്നതിന്

സർക്കാർ അനുമതി വേണമെന്ന് അക്കൗണ്ടന്റ് ജനറൽ ആവശ്യപ്പെട്ടു.

എന്നാൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകാൻ താൻ നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാതിരുന്നതിന്റെ വിശദീകരണം പരാമർശം (4) പ്രകാരം ശ്രീ രാജൻ കെ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **31.05.2015**-ൽ വിരമിച്ച ശ്രീ രാജൻ കെ യുടെ പെൻഷൻ ബുക്ക്, അനുബന്ധ രേഖകളുമടങ്ങിയ പെൻഷൻ പ്രൊപ്പോസൽ കോട്ടയം ഗവ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാൾ പരാമർശം (2) പ്രകാരം കോളേജ് വിദ്യാഭാസ ഡയറക്ടർ ഓഫീസിലേക്ക് അയച്ചിട്ടുള്ളതിന്റെ രേഖാമൂലമുള്ള തെളിവ് ഹാജരാക്കിയിട്ടുണ്ട്. പെൻഷൻ പുസ്തകത്തിലെ ന്യൂനതകൾ പരിഹരിച്ച് കോളേജ് വിദ്യാഭാസ വകുപ്പിൽ നിന്ന് നടപടികൾ പൂർത്തിയാക്കി **02.07.2018** -ന് അകൗണ്ടൻറ് ജനറലിന് സമർപ്പിക്കുകയും, എ.ജി. **01.07.2018** പ്രാബല്യത്തിൽ പെൻഷൻ അനുവദിക്കുകയുണ്ടായെന്നും പരാമർശം (3) പ്രകാരം അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ശ്രീ രാജൻ കെ വിരമിച്ച് 3 വർഷത്തിനുള്ളിൽ പെൻഷൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള വസ്തുത കണക്കിലെടുത്ത്, ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ നിന്നും അസോസിയേറ്റ് പ്രൊഫസറായി **31.05.2015** ൽ വിരമിച്ച ശ്രീ രാജൻ കെ യ്ക്ക് **01/06/2015** പ്രാബല്യത്തിൽ പെൻഷൻ അനുവദിക്കുന്നതിനും **01/06/2015** മുതൽ **30/06/2018** വരെയുള്ള പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിനി .ജെ .ഷുക്കൂർ

അഡിഷണൽ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. ബന്ധപ്പെട്ട വ്യക്തിക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കാണ്ടന്റ് ജനറൽ (ആഡിറ്റ് എ & ഇ) കേരള, തിരുവനന്തപുരം
4. ധനകാര്യവകുപ്പ് (1179367/EDN-C4/13/2019-FIN dated 27.12.2023)
5. ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
6. ബന്ധപ്പെട്ട ട്രഷറികൾക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
7. നോഡൽ ഓഫീസർ (www.highereducation.kerala.gov.in)

8. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
9. കരുൽ ഫയൽ / ഓഫീസ് കോപ്പി (F1/84/2019)

ഉത്തരവിൻ പ്രകാരം

Signed by

Asoka Kumari L

Date: 29-01-2024 17:21:36

സെക്ഷൻ ഓഫീസർ